## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **324** | **20.06.2019** – ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്ത് പ്രളയാനന്തര പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്(RKI) സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട് .പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP)–ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട് .നിലവിൽ ലോകബാങ്കിന്റെ വികസനയ വായ്പ ലഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പുനർനിർമ്മാണത്തിന് ആവശ്യമായ തുക ഏതൊക്കെ വിധത്തിൽ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; | (ബി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും<br>കൂടാതെ, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കണമെന്ന കേന്ദ്ര സർക്കാരിനോടുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷയിൽ ഇതിനകം എന്തെങ്കിലും പ്രതികരണം ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുമോ; | (സി) | കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ഡി) | വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് | (ഡി) | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേക്കുള്ള കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്ന്, 2018 മെയ് മാസത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനു മുൻപാകെ |

| | |
|---|---|
| ആവശ്യപ്പെട്ടിട്ടുണ്ടോ, അത് അനുവദിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ? | സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2018, 2019-20 വർഷങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്കുള്ള വിഹിതം 90:10 എന്ന രീതിയിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, നിലവിലുള്ള 100 തൊഴിൽ ദിനങ്ങൾക്ക് പുറമെ അധികമായി 100 അവിദഗ്ധ തൊഴിൽ ദിനങ്ങൾ കൂടി വർദ്ധിപ്പിക്കുക വഴി ആകെ 2600 കോടി രൂപയുള്ള അധിക സഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചതായുള്ള അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**